(ബി)	വർഷം	രൂപ കോടിയിൽ
	1996-97	81.05
	1997-98	211.05
	1998-99	124.65

1999-2000 വർഷത്തിൽ

11.05 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും ഇതുവരെ ബോർഡിനു നൽകിയിട്ടില്ല. ഈ തുക വർഷാവസാനം ബോർഡ് സർക്കാരിന് നൽകാനുള്ള ഏതെങ്കിലും തുകകളിൽ തട്ടിക്കഴിക്കുകയാണ് പതിവ്.

(സി&ഡി) 31-3-1997 വരെ ബോർഡ് നൽകേണ്ട പലിശയുടെ ഭാഗമായ 528 കോടി രൂപ സർക്കാർ ഇക്വിറ്റിയായി മാറ്റിയശേഷം 1998-99-ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്ക് പ്രകാരം പലിശയിനത്തിൽ സർക്കാരിന് 164.57 കോടി രൂപ നൽകാനുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-3-1998 വരെ ബോർഡിന് സർക്കാരിൽ നിന്നും വായ്പയിനത്തിൽ 1025 കോടി രൂപയും, 31-3-1997 വരെ ബോർഡ് സർക്കാരിനു കൊടുക്കേണ്ടിയിരുന്ന പലിശയുടെ ഭാഗമായ 523 കോടി രൂപയും ചേർത്ത് 1553 കോടി രൂപ ഇക്വിറ്റിയായി മാറ്റിയിട്ടുണ്ട്.

വൈദ്യുതി രംഗത്ത് പ്രോഫിറ്റ് സെന്ററുകൾ ആരംഭിക്കാൻ നടപടി

92 (1759) ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതിരംഗത്ത് ഏപ്രിൽ 1 മുതൽ പ്രോഫിറ്റ് സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രോഫിറ്റ് സെന്ററുകൾ സ്വയംഭരണാവകാശം ഉള്ളവ ആയിരിക്കുമോ ;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഏത് ആക്ടിനെ അടിസ്ഥാനമാക്കിയാണ് ഈ പ്രോഫിറ്റ് സെന്ററുകൾ പ്രവർത്തിക്കുക എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഓരോ പ്രോഫിറ്റ് സെന്ററുകളുടെയും ആസ്തി സാദ്ധ്യതകൾ നിർണ്ണയിക്കുവാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) വൈദ്യുതിരംഗത്തെ വികസനത്തിനാവശ്യമായ വിഭവ സമാഹരണം ഏത് വിധമാണ് പ്രസ്തുത പ്രോഫിറ്റ് സെന്ററുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമേഖലയിൽ ജനോപകാരപ്രദമായ സേവനസ്ഥാപനമായി ബോർഡിനെ നിലനിർത്തുക, സാമ്പത്തികഭദ്രത ഉറപ്പുവരുത്തുക, നല്ല ഉപഭോക്തൃ ബന്ധം വളർത്തുക 2000-ൽ വൈദ്യുതി സ്വയം പര്യാപ്തത കൈവരിക്കുക, ഒരു പുതിയ വികസനോൻമുഖമായ ഉപഭോക്തൃസംസ്കാരം ബോർഡിൽ വളർത്തിയെടുക്കുക ഇവയാണ് പ്രോഫിറ്റ് സെന്ററുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി&ഡി) വൈദ്യുതിബോർഡിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് കൂടുതൽ അധികാരങ്ങളോടുകൂടിയവയായിരിക്കും ഈ സെന്ററുകൾ.

(ഇ) നിലവിലുള്ള, ഇൻഡ്യൻ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട്, ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് എന്നിവ അടിസ്ഥാനമാക്കിയാണ് ഈ പ്രോഫിറ്റ് സെന്ററുകൾ പ്രവർത്തിക്കുക.

(എഫ്) ഇല്ല.

(ജി) പ്രസക്തമല്ല.

(എച്ച്) ഓരോ പ്രോഫിറ്റ് സെന്ററുകൾക്കും ആവശ്യമായ വിഭവസമാഹരണം നടത്തുകയും അത് വിതരണം ചെയ്യുകയും ചെയ്യുന്ന ചുമതല കോർപ്പറേറ്റ് ഓഫീസിനാണ്. കോർപ്പറേറ്റ് ഓഫീസ് സംസ്ഥാനത്ത് വൈദ്യുതി വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയും, ആർ. ഇ. സി., കെ. പി. എഫ്. സി., പി. എഫ്. സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ വഴി ശേഖരിക്കുന്ന തുകയും ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന വായ്പയും സബ്സിഡിയും എല്ലാം ചേർത്ത് വൈദ്യുതി വികസനത്തിനാവശ്യമായ വിഭവസമാഹരണം നടത്താനാണ് ഉദ്ദേശിക്കുന്നത്.

വോൾട്ടേജ് മെച്ചപ്പെടുത്താൻ നടപടി

93 (1760) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-നു ശേഷം വർക്കല നിയോജകമണ്ഡലത്തിൽ ആറ്റിങ്ങൽ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി എത്ര ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട് എന്നും എത്ര എണ്ണം പുതുതായി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ ;

(ബി) കാർഷികാവശ്യത്തിന് വൈദ്യുതിലൈൻ നീട്ടികൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമം വ്യക്തമാക്കാമോ ;

(സി) മൂന്നു കുടുംബങ്ങൾ എങ്കിലും താമസിച്ചുവരുന്ന എല്ലാ പട്ടികജാതി സങ്കേതങ്ങളിലും വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly